പ്രസ്തുത നിർമ്മാണ പ്രവൃത്തിയുടെ പൂർത്തീകരണത്തിനായി 51.5 ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പിൽനിന്നും ടെയിനിംഗ് ഡയറക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത എസ്റ്റിമേറ്റിന് ഭരണാനുമതി നൽകാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

പ്രസ്തുത എസ്റ്റിമേറ്റ് സർക്കാരിൽ ലഭ്യമാക്കുന്നമുറയ്ക്ക് ടി വിഷയം പരിശോധിക്കുന്നതാണ്.

പുഴക്കാട്ടിരി ഐ.ടി.ഐ.-യുടെ നിർമ്മാണ പ്രവർത്തനങ്ങൾ

203 (952) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കടയിലെ പുഴക്കാട്ടിരി ഐ.ടി.ഐ.-ക്ക് അനുവദിച്ച സ്ഥലത്ത് നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നതുമായി ബന്ധപ്പെട്ട് പി.ഡബ്ല്യു.ഡി.- യോട് അഭിപ്രായം ആരാഞ്ഞിരുന്നോ; പ്രസ്തുത അഭിപ്രായം പരിശോധിച്ച് ഡയറക്ടർ എന്തെല്ലാം തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ബി) നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തരമായി ആരംഭിക്കുന്നതിന് വകുപ്പ് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

(എ&ബി) പുഴക്കാട്ടിരി ഐ.ടി.ഐ.-ക്ക് അനുവദിച്ച സ്ഥലത്ത് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതുമായി ബന്ധപ്പെട്ട് പി.ഡബ്ല്യു.ഡി.-യോട് അഭിപ്രായം ആരാഞ്ഞിരുന്നു. ഐ.ടി.ഐ. കെട്ടിട നിർമ്മാണത്തിനായി അനുവദിച്ച സ്ഥലം പാറക്കെട്ടുള്ള ചരിഞ്ഞ പ്രദേശമാകയാൽ ഫൗണ്ടേഷൻ നിർമ്മാണത്തിനും അനുബന്ധ പ്രവർത്തനങ്ങൾക്കും നിലവിൽ വേണ്ടതിനേക്കാൾ 50 ശതമാനം കൂടുതൽ പണം വേണ്ടി വരുമെന്ന് പൊതുമരാമത്ത് കെട്ടിട ഉപവിഭാഗം അറിയിച്ചിരുന്നു. ആയതിനാൽ പുതിയ സ്ഥലം കണ്ടെത്തുന്നതിനായി ഐ.ടി.ഐ. പ്രിൻസിപ്പാളിനെ നിയോഗിച്ചിട്ടുണ്ട്.

ബോർഡുകളിലും കോർപ്പറേഷനുകളിലും താൽക്കാലിക നിയമനങ്ങൾ

204 (953) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ എത്ര പേർ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നറിയിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

31-5-2021-ലെ കണക്കുകൾപ്രകാരം സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ 37,71,628 (മുപ്പത്തി ഏഴു ലക്ഷത്തി എഴുപത്തി ഒന്നായിരത്തി അറുന്നൂറ്റി ഇരുപത്തി എട്ട്) തൊഴിൽരഹിതർ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) 2016-21-ലെ സർക്കാരിന്റെ കാലത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന എത്ര പേർക്ക് നിയമനം നൽകിയെന്നും അതിൽ സ്ഥിരനിയമനം എത്ര പേർക്ക് ലഭിച്ചുവെന്നും അറിയിക്കുമോ?

2016-2021-ലെ സർക്കാരിന്റെ കാലത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 53,997 പേർക്ക് തൊഴിൽ നൽകിയിട്ടുണ്ട്. അതിൽ 10814 പേർക്ക് സ്ഥിര നിയമനം ലഭ്യമായിട്ടുണ്ട്.

(സി) മുൻ സർക്കാരിന്റെ കാലത്ത് സർക്കാരിന്റെ കീഴിലെ പല ബോർഡുകളിലും കോർപ്പറേഷനുകളിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയല്ലാതെ നിയമനം നടത്തുകയും ഇപ്രകാരം നിയമിച്ചവരെ സ്ഥിരപ്പെടുത്തുവാൻ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് നിലവിലുള്ള നിയമത്തിന് വിരുദ്ധമായതിനാൽ, ഭാവിയിൽ ഇത്തരം നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി മാത്രമേ നടത്തുവാൻ പാടുള്ളൂ എന്ന നിർദ്ദേശം നൽകുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മുൻസർക്കാരിന്റെ (2016-2021) കാലത്ത് താൽക്കാലികമായി നിയമിച്ച ആരെയും സ്ഥിരപ്പെടുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സർക്കാർ വകുപ്പുകളിലും സർക്കാരിന്റെ കീഴിലുള്ള മറ്റു സ്ഥാപനങ്ങളിലും കരാർ നിയമനങ്ങൾ ഉൾപ്പെടെയുള്ള എല്ലാ താൽക്കാലിക ഒഴിവുകളും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തേണ്ടതാണ് എന്ന് വിവിധ സർക്കാർ ഉത്തരവുകളിലൂടെ എല്ലാ വകുപ്പുകൾക്കും കാലാകാലങ്ങളിൽ നിർദ്ദേശം നൽകിയിട്ടുണ്ട്. 1959-ലെ കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ട് പ്രകാരം വകുപ്പിലെ ഉദ്യോഗസ്ഥർ വിവിധ സ്ഥാപനങ്ങളിൽ പരിശോധന നടത്തുകയും ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിക്കാതെ അനധികൃതമായി ടി ഒഴിവുകളിൽ നിയമനം നടത്തിയിട്ടുള്ളപക്ഷം അപ്രകാരം നിയമനം ലഭിച്ചവരെ പിരിച്ചുവിട്ട് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ഒഴിവുകൾ അറിയിക്കുന്നതിന് സ്ഥാപന മേധാവികൾക്ക് നിർദ്ദേശം നൽകുകയും ചെയ്യാറുണ്ട്. സർക്കാർ/ അർദ്ധസർക്കാർ/ ബോർഡ്/ കമ്പനി/കോർപ്പറേഷൻ തുടങ്ങിയ സ്ഥാപനങ്ങളിലെ പി.എസ്.സി നിയമനത്തിന്റെ പരിധിയിൽപ്പെടാത്ത ഒഴിവുകളിലേയ്ക്കുള്ള നിയമനങ്ങൾക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ സേവനം നിർബന്ധമായും പ്രയോജനപ്പെടുത്തണമെന്നും അല്ലാത്തപക്ഷം ബന്ധപ്പെട്ട വകുപ്പ് മേധാവികൾ/ചീഫ് എക്സിക്യൂട്ടീവുകൾ എന്നിവർക്കെതിരെ കർശന നടപടിയെടുക്കുന്നതാണെന്നും കാലാകാലങ്ങളിൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.